"ഭരണഭാഷ- മാതൃഭാഷ"

YEARS OF CELEBRATING THE MAHATMA

**കേരള സർക്കാർ**

**<u>സംഗ്രഹം</u>**

തദ്ദേശ സ്വയംഭരണ വകുപ്പ് - തദ്ദേശ ഭരണ സ്ഥാപനങ്ങളുടെ സുഭിക്ഷ കേരളം പദ്ധതിയിലുൾപ്പെടെയുള്ള മത്സ്യ മേഖലയിലെ പദ്ധതികളുടെ നിർവ്വഹണ ഉദ്യോഗസ്ഥരായി ഫിഷറീസ് വകുപ്പ് ഉദ്യോഗസ്ഥരെ ചുമതലപെടുത്തി - ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**തദ്ദേശ സ്വയംഭരണ (ഡിഎ) വകുപ്പ്**

**സ.ഉ.(സാധാ) നം.159/2021/ത.സ്വ.ഭ.വ** തീയതി,തിരുവനന്തപുരം, 20/01/2021

---

പരാമർശം:- 1 സ.ഉ. (സാധാ) നം. 3105/2009/തസ്വഭവ, തീയതി 21.11.2009

2 ഫിഷറീസ് ഡയറക്ടറുടെ 28.10.2020-ലെ DFTVM/1630/2020-C1 നമ്പർ കത്ത്

3 സംസ്ഥാന റിസോഴ്സ് ഗ്രൂപ്പ് കൺവീനറുടെ 12.11.2020 -ലെ കത്ത്

**<u>ഉത്തരവ്</u>**

തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ മത്സ്യ മേഖലയിലെ നിർവ്വഹണ ഉദ്യോഗസ്ഥരായി ഗ്രാമപഞ്ചായത്തിലും മുനിസിപ്പാലിറ്റിയിലും ഫിഷറീസ് സബ് ഇൻസ്പെക്ടറും, കോർപറേഷനുകളിൽ ഫിഷറീസ് ഡെപ്യൂട്ടി ഡയറക്ടർ/ ഫിഷറീസ് സബ് ഇൻസ്പെക്ടറും ജില്ലാ പഞ്ചായത്തുകളിൽ ഫിഷറീസ് ഡെപ്യൂട്ടി ഡയറക്ടർ/ ഫിഷറീസ് സ്കൂൾ ഹെഡ് മാസ്റ്റർ എന്നിവരെയാണ് നിലവിൽ ചുമതലപ്പെടുത്തിയിരിക്കുന്നത്.

2. സംസ്ഥാനത്ത് ഭക്ഷ്യ സ്വയംപര്യാപ്തത കൈവരിക്കുന്നത് ലക്ഷ്യം വെച്ച് സുഭിക്ഷ കേരളം പദ്ധതി നടപ്പിലാക്കി വരികയാണ്. ടി പദ്ധതിയിലെ ഉൾപ്പെടെ തദ്ദേശ ഭരണ സ്ഥാപനങ്ങളുടെ മത്സ്യ മേഖലയിലെ പ്രൊജക്റ്റ് നിർവ്വഹണം സുഗമമാക്കുന്നതിന്, പ്രസ്തുത പദ്ധതികളുടെ നിർവ്വഹണ ഉദ്യോഗസ്ഥരായി ഫിഷറീസ് വകുപ്പിലെ ടെക്നിക്കൽ ഓഫീസർമാരെ ചുമതലപെടുത്തി അവർക്ക് ഡി.ഡി.ഒ. കോഡ് അനുവദിക്കണമെന്ന് പരാമർശം (2), (3) പ്രകാരം ഫിഷറീസ് ഡയറക്ടർ, സംസ്ഥാന റിസോഴ്സ് ഗ്രൂപ്പ് കൺവീനർ എന്നിവർ അപേക്ഷിച്ചിരുന്നു.

3. സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ മത്സ്യ മേഖലയിലെ പ്രൊജക്റ്റ് നിർവ്വഹണം സുഗമമാക്കുന്നതിന് ഫിഷറീസ് വകുപ്പിലെ ചുവടെയുള്ള ഉദ്യോഗസ്ഥർക്ക് പ്രസ്തുത പദ്ധതികളുടെ പദ്ധതി നിവ്വഹണ ചുമതല നിശ്ചയിച്ചു ഉത്തരവാകുന്നു.

| | |
|---|---|
| ഗ്രാമപഞ്ചായത്ത് | ഫിഷറീസ് എക്സ്റ്റൻഷൻ ഓഫീസർ/ അസിസ്റ്റന്റ് ഫിഷറീസ് എക്സ്റ്റൻഷൻ ഓഫീസർ / ഫിഷറീസ് ഓഫീസർ |
| ബ്ലോക്ക് പഞ്ചായത്ത് | അസിസ്റ്റന്റ് ഡയറക്ടർ, ഫിഷറീസ് |
| ജില്ലാ പഞ്ചായത്ത് | 1) അസിസ്റ്റന്റ് ഡയറക്ടർ, ഫിഷറീസ് (പത്തനംതിട്ട, ഇടുക്കി, വയനാട് ജില്ലകൾ) / ഡെപ്യൂട്ടി ഡയറക്ടർ ഫിഷറീസ് (പത്തനംതിട്ട, ഇടുക്കി, വയനാട് ഒഴികെയുള്ള ജില്ലകൾ)<br>2) ഹെഡ് മാസ്റ്റർ, ഫിഷറീസ് സ്കൂൾ |

| | |
|---|---|
| മുനിസിപ്പാലിറ്റി | ഫിഷറീസ് എക്സ്റ്റൻഷൻ ഓഫീസർ |
| കോർപറേഷൻ | ഡെപ്യൂട്ടി ഡയറക്ടർ, ഫിഷറീസ് |

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)

**പാറ്റ്സി സ്റ്റീഫന്**

**ജോയിന്റ് സെക്രട്ടറി**

പഞ്ചായത്ത് ഡയറക്ടർ
നഗരകാര്യ ഡയറക്ടർ
ഗ്രാമ വികസന കമ്മീഷണർ
ഫിഷറീസ് ഡയറക്ടർ
എല്ലാ ജില്ലാ ആസൂത്രണ സമിതി അധ്യക്ഷൻമാർക്കും
എല്ലാ ജില്ലാ പ്ലാനിംഗ് ഓഫീസർമാർക്കും
എല്ലാ ഗ്രാമ പഞ്ചായത്ത് പ്രസിഡന്റുമാർക്കും സെക്രട്ടറിമാർക്കും
എല്ലാ ബ്ലോക്ക് പഞ്ചായത്ത് പ്രസിഡന്റുമാർക്കും സെക്രട്ടറിമാർക്കും
എല്ലാ ജില്ലാ പഞ്ചായത്ത് പ്രസിഡന്റുമാർക്കും സെക്രട്ടറിമാർക്കും
എല്ലാ കോർപറേഷൻ സെക്രട്ടറിമാർക്കും
എല്ലാ നഗരസഭാ ചെയർമാന്മാർക്കും സെക്രട്ടറിമാർക്കും
മത്സ്യബന്ധനവും തുറമുഖവും (സി) വകുപ്പ് (C1/254/2020-FandP)
ധനകാര്യ വകുപ്പ്
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ഓഡിറ്റ്) കേരള, തിരുവനന്തപുരം
അക്കൗണ്ടന്റ് ജനറൽ (എ&ഇ) കേരള, തിരുവനന്തപുരം
ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
എക്സിക്യൂട്ടീവ് ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ
വിവര പൊതുജനസമ്പർക്ക(വെബ് & ന്യൂ മീഡിയ) വകുപ്പ്
ചെയർമാൻ, സ്റ്റേറ്റ് റിസോഴ്സ് ഗ്രൂപ്പ്
കരുതൽ ഫയൽ/ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം

Signature Not Verified

Digitally signed by SURESH KUMAR K
Date: 2021.01.21 12:09:39 IST
Reason: Approved

സെക്ഷൻ ഓഫീസർ

പകർപ്പ്
ബഹു. തദ്ദേശസ്വയംഭരണ വകുപ്പ് മന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറിക്ക്
ബഹു. മത്സ്യബന്ധനവും തുറമുഖവും വകുപ്പ് മന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറിക്ക്
തദ്ദേശസ്വയംഭരണ വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറിയുടെ പി.എ.യ്ക്ക്